## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5842.** **02.07.2019 ൽ മറുപടിയ്ക്ക്**

### തൊഴിലാളികൾക്ക് കള്ളുഷാപ്പുകൾ നടത്തുവാൻ അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | കരാറുകാർ ലൈസൻസ് ഏറ്റെടുക്കുവാൻ വിസമ്മതിക്കുന്ന കള്ളുഷാപ്പുകൾ തൊഴിലാളികളുടെ കമ്മിറ്റികൾക്ക് ഏറ്റെടുത്ത് നടത്തുവാൻ അനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ വർഷം എത്ര ഷാപ്പുകൾക്കാണ് ഇപ്രകാരം അനുമതി നൽകിയത്; | (ബി) | 315 കള്ളുഷാപ്പുകൾക്ക് |
| (സി) | പാലക്കാടൻ കള്ളിന്റെ മറവിൽ വ്യാജക്കള്ള് വ്യാപകമായി ഒഴുകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | പാലക്കാട് ജില്ലയിൽ ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. ആയതിൽ ഇതുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്. ജില്ലയിലെ ചെത്ത് തോട്ടങ്ങളിലും, കള്ള് കൊണ്ട് പോകുന്ന വാഹനങ്ങളിലും നിരന്തരം പരിശോധനകൾ നടത്തുകയും, മൊബൈൽ ലിക്വർ ടെസ്റ്റിങ് ലാബുകൾ, മേഖലാ രാസപരിശോധന കേന്ദ്രങ്ങൾ എന്നിവ മുഖേന കള്ളുസാമ്പിളുകളുടെ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.<br>പാലക്കാട് നിന്നും കൊണ്ട് പോകുന്ന കള്ള് പരിശോധിക്കുന്നതിലേക്കായി പാലക്കാട് ജില്ലയിലെ പറളി, ആലത്തൂർ എന്നിവിടങ്ങളിൽ ചെക്കിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം പരിശോധനകളിൽ നിന്നും വ്യാപകമായി വ്യാജകള്ള് ഉണ്ടാക്കി അയയ്ക്കുന്നുവെന്ന ആരോപണം ശരിയല്ലെന്നു കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയോ; അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ